# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 197 | 28/10/2019 ൽ മറുപടിക്ക് |
|---|---|

### പൊട്ടിപ്പൊളിഞ്ഞ റോഡുകളിലെ വിജിലൻസ് പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാജൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓപ്പറേഷൻ സരൾ രാസ്ത എന്ന പേരിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നുവോ; | (എ) | ഓപ്പറേഷൻ സരൾ രാസ്ത എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തിയിരുന്നു. |
| (ബി) | റോഡുകളുടെ അവസ്ഥ സംബന്ധിച്ചും ക്രമക്കേടുകൾ സംബന്ധിച്ചും പ്രസ്തുത ഓപ്പറേഷനിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | റെയ്ഡിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) യും (ഡി) യും | ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1. | മഴവെള്ളത്തോടൊപ്പം റോഡുകളുടെ Shoulder grilling ഒഴുകിപ്പോയിട്ടുള്ളതായും റോഡുകളുടെ വശങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തിയിരുന്നു. |
| 2. | റോഡുകളുടെ ഇരുവശങ്ങളിലുമുള്ള Earthen drain വൃത്തിയാക്കിയിട്ടില്ല. |
| 3. | നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയ റോഡുകളുടെ പല ഭാഗങ്ങളും ഗ്യാരണ്ടി കാലാവധിക്കുള്ളിൽ തന്നെ പൊട്ടിപ്പൊളിഞ്ഞതായി കണ്ടെത്തിയിരുന്നു. |
| 4. | റോഡ് ഉയരം വർദ്ധിപ്പിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം ഉപയോഗിക്കേണ്ട GSB, Wmm എന്നീ മെറ്റീരിയലുകൾക്കു പകരം ക്വാറി വേസ്റ്റുപയോഗിക്കുന്നു. |
| 5. | റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ച് വകുപ്പിന് കൈമാറുന്നതിനു മുമ്പ് തന്നെ വലിയ തോതിൽ കുഴികൾ രൂപപ്പെട്ട് തീർന്നതായും അവ പാച്ച് വർക്ക് ചെയ്ത നിലയിലുമാണ് പൊതുമരാമത്തു വകുപ്പിന് തിരികെ കൈമാറിയതെന്നും കാണാൻ സാധിച്ചിട്ടുണ്ട്. |
| 6. | റോഡിന് വീതി കൂട്ടിയ ഭാഗങ്ങളിൽ എർത്ത് വർക്കുകൾ കൃത്യമായി ചെയ്യാത്തതിനാലും സ്പെസിഫിക്കേഷൻ പ്രകാരമുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ശരിയായ വിധത്തിൽ കോംപാക്ട് ചെയ്യാത്തതിനാലും റോഡ് ഉപരിതലത്തിൽ നിന്നും താഴാൻ ഇടയാക്കിയതായി കാണുന്നു. |
| 7. | വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലത്ത് വെള്ളം ഒഴുകിപ്പോകാനുള്ള കൽവർട്ട് നിർമ്മിക്കാതെ DR (കരിങ്കൽ കെട്ട്) പണിതത് കാരണം വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഇല്ലാത്തതിനാൽ റോഡ് തകർന്ന് പോകുന്നതായും കാണാൻ സാധിച്ചിട്ടുണ്ട്. |
| 8. | എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള കനത്തിൽ വർക്ക് ചെയ്തിട്ടില്ലാത്തതായി പ്രാഥമികമായി കണ്ടെത്താൻ കഴിഞ്ഞു. |
| 9. | ടാറിംഗ് നടത്തിയിടത്ത് വിള്ളലുകൾ കാണുന്നു. വശങ്ങളിൽ മണ്ണിട്ട് നികത്തുന്ന പ്രവൃത്തി കാണപ്പെടുന്നില്ല. |
| 10. | പ്രവൃത്തി നടത്താത്ത കാര്യങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നു. |
| 11. | ചില റോഡുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ ലാബ് പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. |
| 12. | വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാൻ കുഴികളെടുത്തതിനാൽ ചില റോഡുകളിൽ പൊട്ടലുകളും ഗട്ടറുകളും ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. |

Ashal

സെക്ഷൻ ഓഫീസർ